# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# PROFILE

Name of School : ALPS Cherukara
year of establishment : 1951
Name of village : Porunnannur
Name of panchayath : vella munda
Name of BRC : Mananthavady
Name of District : wayanad
Name of subdistrict : Mananthavady
Name of HM : Biju paul
School code NO : 15455
School manager : Baliyil Muhammed Haji

# ആമുഖം

1951-ലാണ് ചെറുകര എ.എൽ.പി. സ്കൂൾ സ്ഥാപിതമായത്. സ്വാതന്ത്ര്യസമര കാലവുമായി ബന്ധപ്പെട്ട് വിദ്യ അഭ്യസിക്കുക എന്ന ആഗ്രഹം ചെറുകര പ്രദേശത്തുകാർക്ക് ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ നായർ തറവാടുകളിൽ എഴുത്താശാൻ കളരികൾ രൂപം കൊണ്ടു. ഇതിന്റെ തുടർച്ചയായി ചെറുകര പ്രദേശത്ത് ഒരു വിദ്യാലയം വേണമെന്ന ആവശ്യം ഉയർന്നു വന്നു. തവണ ചൈതന്യനാണയ സംഘത്തിന്റെ സ്ഥാപക-നായ ശ്രീ പനകുറ്റി നമ്പീശന്റെ നേതൃത്വത്തിൽ വിദ്യാലയം ആരംഭിച്ചു. തുടക്കത്തിൽ ഒന്ന്, രണ്ട് ക്ലാസുകളിലായി ആരംഭിച്ച വിദ്യാലയം 1970-ഓടെ അഞ്ച് ക്ലാസുകളായി അധ്യയനം ആരംഭിച്ചു. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെ പ്രഗത്ഭരായ നിരവധി അധ്യാപകർ ഈ വിദ്യാലയത്തിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2010-ൽ വിദ്യാലയം തിരുവാലിയിൽ മുഹമ്മദ് ഹാജി ഏറ്റെടുക്കുകയും വിപുലമായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു.

ഇന്ന് ഓഡിറ്റോറിയം ഉൾപ്പെടെ രണ്ട് കെട്ടിടങ്ങളിലായി പത്ത് ക്ലാസ്മുറികളും രണ്ട് പ്രീപ്രൈമറി ക്ലാസുകളും പ്രവർത്തിച്ചു വരുന്നു. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും അതുവഴി പൊതു സമൂഹത്തിൽ മതിപ്പ് ഉളവാക്കുന്നതുമായ വിധത്തിൽ നമ്മുടെ വിദ്യാലയത്തിലെ ഭൗതികവും അക്കാദമികവും ആയ മേഖലകളിൽ വികസനം സാധ്യമാക്കുക എന്നത് അനിവാര്യമായ കാര്യമാണ്.

ചെറുകര എ. എൽ. പി. സ്കൂളിന്റെ നിലവിലുള്ള അവസ്ഥ വിലയിരുത്തിക്കൊണ്ട് 2025-26 അധ്യയന വർഷത്തിൽ നടപ്പിലാക്കേണ്ട സമഗ്രമായ ഗുണമേന്മ വികസന പദ്ധതിയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

## പൊതു വിശകലനം

സാമൂഹിക പരമായും സാമ്പത്തിക പരമായും വിദ്യാഭ്യാസ പരമായും വളരെ പിന്നാക്കം നിന്നിരുന്ന ചെറുകര പ്രദേശത്ത് 1951 ലാണ് വിദ്യാലയം ആരംഭിക്കുന്നത്. 73 വർഷം പിന്നിടുമ്പോൾ പ്രദേശത്തെ മികച്ച വിദ്യാലയങ്ങളിലൊന്നായി ഈ സ്ഥാപനം മാറിക്കഴിഞ്ഞു. പ്രീപ്രൈമറി മുതൽ 5 വരെ ക്ലാസുകളാണ് നിലവിൽ പ്രവർത്തിക്കുന്നത്. ചെറുകര, ആറാട്ട് വെള്ളക്കുണ്ട, കടയാട്, 7/4, പരിയാരമുക്ക്, മൊതക്കര, പെരുവടി, കള്ളംവെട്ടി, തെരത്ത്കുന്ന്, പാറശ്ശേരിക്കടവ്, മുണ്ടക്കുറ്റി പ്രദേശങ്ങളിലെ വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. 1-5 വരെ ഇംഗ്ലീഷ് മീഡിയം ക്ലാസുകളും പ്രവർത്തിക്കുന്നു. പ്രീപ്രൈമറി ഉൾപ്പെടെ 297 ഓളം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. ഹെഡ്മാസ്റ്റർ ഉൾപ്പെടെ പതിനാറോളം അധ്യാപകർ ഇവിടെ സേവനം അനുഷ്ഠിക്കുന്നു.

കലാകായിക പ്രവർത്തനങ്ങളിലും അക്കാദമിക പ്രവർത്തനങ്ങളിലും വിദ്യാലയം മികച്ച നിലവാരം പുലർത്തുന്നുണ്ട്. nssip, ഗണിതം ലളിതം, മലയാളം മധുരം, GK ക്വിസ് തുടങ്ങി തനത് പ്രവർത്തനങ്ങളും കൂടാതെ മാധ്യമവും English enhancement programme ഉം നടത്തി വരുന്നു.

# അധ്യാപകരും വിവരങ്ങളും 2025-26

| Sl No | അധ്യാപകന്റെ പേര് | ക്ലാസ് | ചുമതല |
|---|---|---|---|
| 1. | ബിജു പോൾ | – | HM |
| 2. | അക്ബർ അലി | I-IV | അറബിക്, ഉച്ചഭക്ഷണം |
| 3 | നസീമ. വി.ടി | I.A | സ്റ്റാഫ് സെക്രട്ടറി |
| 4. | സമീറ. എസ്. മൊയ്തു | I.B | SRG. കൺവീനർ |
| 5 | ലിയാന ഫാത്തിമ. ടി. | II.B | H.T.V |
| 6. | ഷിജ ചെറിയാൻ | II A | ലൈബ്രറി |
| 7 | മിൻഷാദ്. എം. കെ | III A | സ്പോർട്സ് |
| 8 | ഷമീന. യു.പി | III.B | പ്രവൃത്തിപരിചയം |
| 9 | സൗദ. സി | IV A | PSITC, LSS |
| 10 | മുഹ്സിന. ഇ | IV.B | L.S.S |
| 11. | ഫഹദ് നാഫി | V.A | IT |
| 12 | ജുമൈല. എം. കെ | V.B | വിദ്യാരംഗം കൺവീനർ |
| 13 | അശ്വതി | – | മെന്റർ ടീച്ചർ |
| 14. | ജാസ്മിൻ മാത്യു | LKG | |
| 15. | സുമയ്യ. സി | UKG | |

# ലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
* ഓരോ വിഷയവുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
* വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കൽ.
* മുഴുവൻ ക്ലാസുകളിലും ICT സാധ്യത ഉറപ്പുവരുത്തുക.
* കുട്ടികൾക്ക് മാതൃഭാഷ, ഇംഗ്ലീഷ് ഇവ അനായാസം കൈകാര്യം ചെയ്യാൻ പറ്റുന്ന അവസ്ഥ സൃഷ്ടിക്കൽ.
* പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
* ലഘു പഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ ആവിഷ്കരിക്കുക.
* ലഹരി വസ്തുക്കളുടെ പ്രയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യ ഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറികൾ | 13 | 2 |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 4 | 4 |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 4 | 4 |
| കിണർ | 1 | – |
| റാമ്പ് | 1 | – |
| ലൈബ്രറി | 0 | 1 |
| അടുക്കള | 1 | – |
| സ്റ്റേജ് | 1 | – |
| ലാപ്ടോപ്പ് | 5 | 5 |
| പ്രൊജക്ടർ | 2 | 3 |
| സ്മാർട്ട് ടിവി | 2 | 3 |
| കമ്പ്യൂട്ടർ ലാബ് | – | 1 |

## നിലവിലുള്ള അക്കാദമിക പ്രശ്നങ്ങൾ, വെല്ലുവിളികൾ

* മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
* കോവിഡ് പ്രതിസന്ധിയെ തുടർന്നുണ്ടായ അക്കാദമിക വിടവ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
| --- | --- | --- | --- |
| * സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുക. | വിദ്യാലയ സമിതി രൂപീകരിക്കുന്നു. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ജൂൺ ആദ്യ രണ്ടാഴ്ചകളിൽ ബ്രിഡ്ജ് കോഴ്സ് നടത്തുന്നു. മൊഡ്യൂൾ തയ്യാറാക്കുന്നു. ഓരോ ക്ലാസിനും നിലവാരത്തിനുതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു. പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ SRG-കൺവീനർ |
| * മുന്നൊരുക്ക പ്രവർത്തനങ്ങൾ. | ഒന്നാം തരത്തിലെ കുട്ടികൾക്ക് മുന്നൊരുക്ക പദ്ധതി മൊഡ്യൂൾ പ്രകാരം ആദ്യ രണ്ടാഴ്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| *ഓരോ ക്ലാസുകളിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട അടിസ്ഥാന ശേഷികളും കുട്ടികൾ ലഭ്യമായെന്ന് ഉറപ്പാക്കൽ | ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന പൂർത്തിയാക്കുന്നു. പ്രീടെസ്റ്റിലൂടെ പിന്നോക്കക്കാരെ കണ്ടെത്തുന്നു. SSIP-പദ്ധതി. വിവിധ നിലവാരക്കാർക്ക് ഉതകുന്ന പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു. | ജൂൺ — ജൂലൈ ആഗസ്റ്റ്. | ക്ലാസ് ടീച്ചർ |
| * ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുക. | കലാ-കായിക-പ്രവൃത്തിപരിചയ മേഖലകളിൽ കഴിവുള്ളവരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു. | ജൂൺ — ജനുവരി | ക്ലാസ് ടീച്ചേഴ്സ് SSG |
| *കുട്ടിക്ക് ഭിന്നശേഷി പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക. | . വിവര ശേഖരണം . വിലയിരുത്തൽ . രക്ഷിതാക്കളുമായി ആശയ വിനിമയം . പിന്തുണ. പഠന സഹായം ഭൗതികസാഹചര്യം ഒരുക്കൽ. | ജൂൺ — മാർച്ച് | ക്ലാസ് ടീച്ചർ PTA മാനേജ്മെന്റ് BRC- |
| * ഭിന്നശേഷി പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നതിന് അധ്യാപകർക്ക് പരിശീലനം. | റിസോഴ്സ് അധ്യാപകരുടെ സേവനങ്ങൾ ലഭ്യമാക്കൽ. ICT സാധ്യതകൾ. അധ്യാപകർക്ക് പ്രത്യേക പരിശീലനം. | ജൂൺ — ഡിസംബർ | BRC PTA KITE |

| | | | |
|---|---|---|---|
| • വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കൽ. | • പൂന്തോട്ട നിർമ്മാണം.<br>• കലാ കായിക മത്സരങ്ങൾ<br>• ടാലന്റ് ടെസ്റ്റ്<br>• വിവിധ തരം ആഘോഷങ്ങൾ. | ജൂൺ – മാർച്ച് | അധ്യാപകർ<br>PTA<br>SSG<br>പൂർവ്വ വിദ്യാർത്ഥി സംഘടന |
| • മുഴുവൻ ക്ലാസുകളിലും ICT സാധ്യത ഉറപ്പു വരുത്തൽ. | • പാഠഭാഗവുമായി ബന്ധപ്പെട്ട് ICT സാധ്യതകൾ കണ്ടെത്തണം. ദിനാചരണങ്ങൾ, ശാസ്ത്രം, ചരിത്രം തുടങ്ങിയവയിൽ ICT സാധ്യത കണ്ടെത്തൽ. | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചേർസ്<br>SSG<br>KITE |
| • മാതൃഭാഷ, ഇംഗ്ലീഷ് ഇവ അനായാസം കൈകാര്യം ചെയ്യാൻ പറ്റുന്ന അവസ്ഥ സൃഷ്ടിക്കൽ. | • മധുരം മലയാളം<br>• ഇംഗ്ലീഷ് എൻഹാൻസ്മെന്റ്.<br>• ഇംഗ്ലീഷ് അസംബ്ലി, പത്ര പാരായണം<br>• സ്കിറ്റുകൾ | ജൂൺ – മാർച്ച് | അധ്യാപകർ<br>BRC<br>PTA |
| • പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക. | • പച്ചക്കറിത്തോട്ടം നിർമ്മാണം.<br>• കർഷകരെ ആദരിക്കൽ. അഭിമുഖം. ഫീൽഡ് ട്രിപ്പ്.<br>• കൃഷി ആയുധങ്ങൾ കാണാൻ അവസരം. | ആഗസ്റ്റ് – മാർച്ച് | SSG<br>PTA<br>കൃഷിഭവൻ<br>പ്രാദേശിക പിന്തുണ |

| | | | |
|---|---|---|---|
| * ലഘു പഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശില്പ ശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ ആവിഷ്കരിക്കൽ. | * പ്രാദേശിക വിഭവ ശേഖരണം.<br>• വിദഗ്ധരുടെ ക്ലാസുകൾ<br>• ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശനം. കാവ് സന്ദർശനം<br>• പ്രാദേശിക ചരിത്രം<br>• ശില്പ ശാലകൾ സംഘടിപ്പിക്കൽ. | സെപ്റ്റംബർ - ഫെബ്രുവരി | പ്രാദേശിക വിദഗ്ധർ<br>PTA<br>പഞ്ചായത്ത്. |
| • ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യ ഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക. | • വിദഗ്ധരുടെ ക്ലാസ്<br>• കുട്ടികളുടെ അവകാശത്തെക്കുറിച്ച് ധാരണ.<br>• ആരോഗ്യ ക്ലാസ്. സി.ഡി. പ്രദർശനം<br>• ജാഗ്രതാ സമിതി രൂപീകരണം. | ജൂൺ - മാർച്ച് | PTA<br>അധ്യാപകർ<br>ആരോഗ്യ വകുപ്പ്<br>പോലീസ് വകുപ്പ്<br>പഞ്ചായത്ത് |
| * പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക. | • ബോധവൽക്കരണ ക്ലാസ്<br>• മാലിന്യങ്ങൾ വേർതിരിക്കൽ.<br>• മാലിന്യ സംസ്കരണം.<br>• പ്ലാസ്റ്റിക് കവറുകൾ നിരോധിക്കൽ. | ജൂൺ - മാർച്ച് | PTA<br>അധ്യാപകർ<br>പഞ്ചായത്ത്<br>ആരോഗ്യ വകുപ്പ് |
| * ജൈവ വൈവിധ്യ ഉദ്യാനം, പച്ചക്കറിത്തോട്ടം, എന്നിവ സംരക്ഷിക്കുക, മെച്ചപ്പെടുത്തുക. | • സ്കൂൾ പരിസരം പച്ചപ്പ് കൊണ്ട് നിറക്കുക. ചെടികൾ, വൃക്ഷത്തൈകൾ ഫലവർഗങ്ങൾ മുതലായവ. അധ്യാപകരുടെ സഹായത്തോടെ പച്ചക്കറിത്തോട്ട | ജൂൺ - മാർച്ച് | അധ്യാപകർ<br>PTA<br>കൃഷി വകുപ്പ് |

| | | | |
|---|---|---|---|
| | നാട് പാടിപ്പിക്കുന്നു. ഒരു ക്ലാസിന് ഒരു വായന- പദ്ധതി. | | |
| *ഗണിത പ്രവർത്തനങ്ങൾക്ക് കൂടുതൽ പരിഗണന നൽകൽ. | ഗണിതം മധുരം- പദ്ധതി. ഗണിതമേള. ഗണിത കളികൾ, ചെസ്സ് പരിശീലനം, ഗണിത പാട്ടുകൾ, ഗണിത പുസ്തകങ്ങൾ, ശേഖരിക്കുന്നു. ഗണിത ലാബ്, ഗണിത ക്വിസ്, ഗണിതോത്സവം | ജൂൺ – മാർച്ച് | അധ്യാപകർ SSG BRC |
| * സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിന് പരമാവധി പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക. | • പൂർവ്വ വിദ്യാർത്ഥി-പങ്കാളിത്തം • പൂർവ്വ അധ്യാപക കൂട്ടായ്മ . അവധിക്കാല ക്യാമ്പുകൾ, കോർണർ PTA • ജാഗ്രതാ സമിതി, ഗൃഹസന്ദർശനം സന്നദ്ധസംഘടനകളുടെ സഹായം, . രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ. | ജൂൺ – മാർച്ച് | പൂർവ്വ വിദ്യാർത്ഥികൾ. SRG പൂർവ്വ അധ്യാപകർ |
| * കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക. | - സ്കൂൾ ടാലന്റ് ലാബ്. സാഹിത്യസമാജം നാടക പരിശീലനം, വിവിധ കലാരൂപങ്ങൾ കാണാൻ അവസരം, അഭിരുചിയുള്ള കുട്ടികൾക്ക് പരിശീലനം, പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം, കായിക താരങ്ങൾക്ക് തുടർച്ചയായ പരിശീലനം, പ്രാദേശിക വ്യക്തികളുടെ സേവനം. | | SSG BRC അധ്യാപകർ |

| | | | |
|---|---|---|---|
| * പ്രാദേശികമായി ലഭ്യമായ വിഭവങ്ങളും റിസോഴ്സുകളെ പഠന പ്രവർത്തനവുമായി ബന്ധപ്പെടുത്തുക. | · റിസോഴ്സ് ഗ്രൂപ്പ് രൂപീകരണം.<br>· വ്യക്തികളുടെ വിവര ശേഖരണം.<br>· വിദഗ്ധരുടെ ക്ലാസുകൾ · ക്യാമ്പുകൾ | ജൂലൈ – ഫെബ്രുവരി | അധ്യാപകർ<br>SRG<br>SSG |
| * ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക. | · പഠനത്തോടൊപ്പം സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന് അവസരം.<br>ഓരോ കുട്ടിയും ഓരോ ടാലന്റ് ലാബ് – എന്ന ധാരണ. – ശില്പശാല | ജൂൺ – മാർച്ച് | പ്രാദേശിക – പിന്തുണ<br>അധ്യാപകർ<br>BRC |
| * മാലിന്യ സംസ്കരണത്തിന് സ്വ-ധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക. | · ശാസ്ത്രീയ കമ്പോസ്റ്റ്.<br>· പ്ലാസ്റ്റിക് ശേഖരണം.<br>· മാലിന്യങ്ങൾ തരം തിരിക്കൽ. | ജൂൺ – മാർച്ച് | പഞ്ചായത്ത് |
| * ജൈവവൈവിധ്യം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക. | · സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മിക്കുക.<br>· പ്രാദേശിക തലത്തിൽ വിഷരഹിത പച്ചക്കറികൾ സമാഹരിക്കുക. ഭക്ഷണ വശിഷ്ടങ്ങൾ സംസ്കരിക്കുക. പപ്പായ മുരിങ്ങ, വാഴ, പൂള, ഇഞ്ചി കൃഷി വ്യാപിപ്പിക്കുക. | ജൂൺ – മാർച്ച് | അധ്യാപകർ |
| * വായനാക്കൂട്ടം – വായനാ ശാക്തീകരണം. | · വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരണം, സ്കൂൾ ലൈബ്രറി രൂപീകരണം, നവീകരണം. | ജൂൺ – മാർച്ച് | അധ്യാപകർ<br>SRG<br>SSG<br>ലൈബ്രേറിയൻ |

| | | | |
|---|---|---|---|
| | സമീപ വായനശാല അംഗത്വം, പത്ര വായന, അമ്മ വായന, പുസ്തക ചർച്ച, വായനാനുഭവം പങ്കുവെയ്ക്കൽ, വായനാക്കുറിപ്പ് തയ്യാറാക്കൽ, വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനം, കാവ്യക്കൂട്ടം, കഥാക്കൂട്ടം. | ജൂലൈ – ജനുവരി | പഞ്ചായത്ത്<br>SSG<br>PTA<br>ലൈബ്രറി |
| • പി.ടി.എ. സഹകരണം ഉറപ്പാക്കൽ | • വിദ്യാലയത്തിന്റെ വിവിധ പരിപാടികളിൽ പ്രാദേശിക സഹായം. വിദ്യാഭ്യാസ സദസ്സുകൾ, സെമിനാറുകൾ, അഭിമുഖങ്ങൾ. | ജൂൺ – മാർച്ച് | PTA<br>SSG<br>SRG |
| * മൂത്രപ്പുര | • തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ശുചിത്വ പൂർണ്ണമായ സ്കൂൾ സാഹചര്യം ഒരുക്കൽ. | ജൂൺ – മാർച്ച് | പഞ്ചായത്ത്<br>അധ്യാപകർ<br>PTA |
| * സുരക്ഷിത സ്കൂൾ ക്യാമ്പസ് | • ചുറ്റുമതിൽ. | — | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - MLA |
| * ദിനാചരണങ്ങൾ | • ക്വിസ്<br>• പ്രദർശനം<br>• ചിത്രരചന - പോസ്റ്റർ നിർമ്മാണം. | ജൂൺ – മാർച്ച് | അധ്യാപകർ |

BINA PAUL
HEADMASTER
ALPS CHERUKARA
THARUVANA P.O.- 670645